# സ്വാതന്ത്ര്യദിനം ഓഗസ്റ്റ് 15



2023 അധ്യായന വർഷത്തിൽ ഇന്ത്യയുടെ 75 സ്വാതന്ത്ര്യ ദിനം അത്യന്തം മനോഹരമായി മുപ്പത്തടം ഗവൺമെൻറ് ഹൈസ്കൂളിൽ നടത്തുകയുണ്ടായി. SPC, JRC സംഘടനകളും സ്കൂൾ കുട്ടികളും സംയുക്തമായി നടത്തിയ ചടങ്ങിൽ പ്രസിഡൻറ് ശ്രീ. അജയകുമാർ അവർകൾ പതാക ഉയർത്തി. ശേഷം സ്കൂൾ പ്രിൻസിപ്പൽ കുട്ടികളെ നാളെയുടെ കർമ്മനിരതരായ പൗരന്മാരായി തീരണമെന്നും അതിന് ഭാരതത്തെ സൃഷ്ടിച്ച മഹാരഥന്മാരുടെ കഠിനപ്രയത്നവും ആത്മ സമർപ്പണവും മാതൃകയാക്കണമെന്നും ഓർമ്മപ്പെടുത്തി. കെട്ടുറപ്പുള്ള ഭാരത പാരമ്പര്യം നാൾക്കുനാൾ ഉയരട്ടെ എന്ന് എസ്പിസി ഡ്രിൽ ഇൻസ്ട്രക്ടർ ഹരി സാർ ആശംസിച്ചു. ദേശഭക്തിഗാനങ്ങൾ മുഖരിതമാക്കിയ അന്തരീക്ഷത്തിൽ ത്രിവർണ പതാക പാറി കളിച്ചു. ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ കുട്ടികളുടെ പ്രതിനിധികൾ പ്രസംഗിക്കുകയുണ്ടായി. മധുര പലഹാര വിതരണത്തോടെ സ്വാതന്ത്ര്യദിനാഘോഷം സമാപിച്ചു.

